376 (1569) ഭൂമി കൈമാറ്റം

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള ഗ്രാമപഞ്ചായത്തുവക പുറംപോക്ക് ഭൂമി അനധികൃതമായി കൈമാറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത കൈമാറ്റത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഉണ്ട്. കൈമാറ്റം റദ്ദ് ചെയ്യുകയും സ്ഥലം തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

377 (1570) മതിൽ കെട്ടുന്നതിനുള്ള അനുവാദം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന് ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മതിൽ കെട്ടുന്നതിനായി പഞ്ചായത്തുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. കെട്ടിട നിർമ്മാണ ചട്ടം പ്രാബല്യത്തിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ മതിൽ കെട്ടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ 30 ദിവസത്തിനകം തീരുമാനമെടുക്കണമെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

378 (1571) ഫ്ളഡ് സ്കീം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 വർഷത്തെ ഫ്ളഡ് സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിച്ച കാരോട് പഞ്ചായത്തിലെ കൽപ്പാറപ്പൊറ്റ റോഡ്, ശങ്കുമുട്ടി വായനശാല റോഡ്, തിരുപുറം പഞ്ചായത്തിലെ പത്നാവിളകുടിനിന്നതിൽ റോഡ് എന്നിവയിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടേയും അധികാരികളുടെയും അനാസ്ഥമൂലം പണി ആരംഭിച്ചിട്ടില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പണികൾ എത്രയും വേഗം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ശങ്കുരുട്ടി വായനശാല റോഡിന്റെ പണി മാത്രമേ മുടങ്ങി കിടക്കുന്നുള്ളു. ഈ പണി തുടങ്ങാനായി നടപടി സ്വീകരിച്ചുവരികയാണ്. പത്തനാവിള കുടിനിന്നതിൽ റോഡിന്റെ പണി പുരോഗമിച്ചുവരികയാണ്. കല്പാരപ്പൊറ്റ റോഡിന്റെ എസ്റ്റിമേറ്റിനു സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്കു പണി ആരംഭിക്കുന്നതാണ്.

379 (1572) നിയമനം നൽകാൻ നടപടി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനത്തിന് 1997 ഒക്ടോബർ 10-ന് അഡ്വൈസ് മെമ്മോ നൽകി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കണ മെന്ന് പി.എസ്.സി. നിർദ്ദേശിച്ചിട്ടും ഒരു മാസത്തിലേറെക്കാലം ഇടുക്കി ജില്ലാ പഞ്ചായത്തിലെ എൽ.ഡി. ടൈപ്പിസ്റ്റ് കെ.ഐ. റഹിമിന് നിയമനം നൽകാതി രുന്ന പ്രസ്തുത വകുപ്പിന്റെ നടപടിയെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നട പടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടും നിയമനം നൽകുവാൻ കാലതാമസം വരുത്തിയ നടപടിക്ക് ഉത്തരവാദികളാരാണ്; കാലതാമസം ഉണ്ടാകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. കെ.ഐ. റഹീമിനെ പഞ്ചായത്തു വകുപ്പിലേയ്ക്ക് നിയ മനം നൽകുന്നതിന് പി.എസ്.സി. ശുപാർശ ചെയ്തിട്ടില്ല. ജില്ലാ പഞ്ചായ ത്തിലെ ജീവനക്കാരെ പഞ്ചായത്തുവകുപ്പിൽനിന്നും പുനർവിന്യാസംവഴി യാണ് നിയമിക്കുന്നത്. ജില്ലാ പഞ്ചായത്തുകൾക്ക് സ്വന്തമായി ജീവനക്കാരെ നിയമിക്കുവാൻ അധികാരം ഇല്ല.

(ബി) ഉദിക്കുന്നില്ല.

380 (1573) സ്റ്റാഫ് സ്റ്റാൻഡേർഡൈസേഷൻ

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോർപ്പറേഷനുകളിൽ സ്റ്റാഫ് സ്റ്റാൻഡേർഡൈ സേഷൻ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റാഫ് സ്റ്റാന്റർഡൈസേഷൻ എത്രയും വേഗം നടപ്പിലാക്കുന്ന തിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) മുനിസിപ്പൽ കോർപ്പറേഷനുകളിൽ സ്റ്റാഫ് സ്റ്റാൻഡർഡൈ സേഷൻ നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly